## പതിനൊന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

### 2003 ആഗസ്റ്റ് 14-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -16)

946) തൊഴിൽ ക്ലബ്ബുകൾ
947) മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി
948) പട്ടികജാതി യുവാക്കൾക്കായി തൊഴിൽ ക്ലബ്ബുകൾ
949) ലൈസൻസില്ലാതെ നടത്തുന്ന വയറിംഗ് തടയുന്നതിനുവേണ്ടിയുള്ള ജില്ലാ സമിതിയുടെ പ്രവർത്തനം
950) കുടിവെള്ള വിതരണത്തിന് വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം
951)ചെമ്മീൻകൃഷി വികസനം
952)ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി
953)ഗിരിജനങ്ങളുടെ ഭക്ഷണക്രമം
954)ഗിരിജൻ സെറ്റിൽമെന്റുകളിൽ ഭക്ഷണവും ചികിത്സയും ഉറപ്പാക്കാൻ നടപടി
955)പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പാ കുടിശ്ശികയ്ക്ക് പലിശയിളവ് നൽകാൻ നടപടി
956)ഇന്റർ നാഷണൽ ഹിൽ ടൂറിസം പദ്ധതി
957) ടൂറിസ്റ്റുകൾക്കുള്ള താമസസൗകര്യങ്ങൾ
958) ബലക്ഷയം സംഭവിച്ച ഡാമുകൾ
959) ജലവിഭവ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ
960) കംപ്യൂട്ടർ പരിശീലനത്തിനുള്ള ഫീസ് നിരക്ക് കൂടുതലാണെന്ന പരാതി
961) കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം

### തൊഴിൽ ക്ലബ്ബുകൾ

*946. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി യുവാക്കൾക്ക് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുവാൻ പരിപാടിയുണ്ടോ ;

(ബി) ഈ ക്ലബ്ബുകൾക്ക് ആവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള എത്ര ക്ലബ്ബുകൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയുടെ പ്രവർത്തനം ഏതുരീതിയിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

**ഡോ.എം.എ. കുട്ടപ്പൻ(പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):**

(എ) പ്ലംബിംഗ്, ഇലക്ട്രിക്കൽ, കാർപ്പന്ററി, മെസേണറി, വീട്ടുപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി നഗരവാസികൾക്ക് മെച്ചപ്പെട്ട ഗാർഹിക സേവനങ്ങൾ യഥാസമയം ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസവും വൈദഗ്ദ്ധ്യവും സേവന തത്പരതയുമുള്ള പട്ടികജാതി യുവതീയുവാക്കളെ തെരഞ്ഞെടുത്ത് മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ട്.

(ബി) ക്ലബ്ബ് ഒന്നിന് 5 ലക്ഷം രൂപയാണ് ചെലവിനായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പട്ടികജാതി വകുപ്പു വിഹിതം 3,20,000 രൂപയും ബാങ്ക് വായ്പ 1,62,000 രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്.

(സി) നടപ്പുവർഷം ഇത്തരത്തിലുള്ള പത്ത് ക്ലബ്ബുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ.റ്റി.ഐ/ഐ.റ്റി.സി. തുടങ്ങിയ സാങ്കേതിക യോഗ്യതയുള്ള പത്ത് പേർ വീതമടങ്ങിയ ഈ ക്ലബ്ബുകൾ പട്ടികജാതി വികസന വകുപ്പിന്റെയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിലായിരിക്കും പ്രവർത്തിക്കുക. നഗരത്തിൽ ഏറ്റവും തിരക്കുള്ളതും അനുയോജ്യവുമായ സ്ഥലത്തായിരിക്കും ക്ലബ്ബിന്റെ കേന്ദ്ര ആഫീസ്. സഞ്ചരിക്കുന്ന യൂണിറ്റായിട്ടാണ് പ്രവർത്തനം രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നതിനാൽ ഓരോ യൂണിറ്റിനും 5 സെൽഫോൺ, ഒരു ലാൻഡ്ഫോൺ, 5 മോപ്പഡ് എന്നിവ വാങ്ങി നൽകും. കൂടാതെ പണികൾ നടത്താനാവശ്യമായ ഉപകരണങ്ങളും (ടൂൾ കിറ്റ്) ഓഫീസിനോടനുബന്ധിച്ച് ഒരു മിനി വർക്ക്ഷോപ്പും ഉണ്ടാകും. സേവനം ആവശ്യപ്പെട്ട് സന്ദേശം ലഭിച്ചാൽ ഉടൻതന്നെസ്ഥലത്തെത്തി സേവനം നൽകുന്നതാണ്.

### മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി

*947. ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം.എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ചു നൽകിയിട്ടുള്ള പല വീടുകൾക്കും അറ്റകുറ്റപ്പണികൾ ചെയ്യാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെടുന്ന എത്ര വീടുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി)ഇത്തരത്തിൽപ്പെടുന്ന വീടുകൾ നന്നാക്കിക്കൊടുക്കുന്നതിനോ പുതുക്കിക്കൊടുക്കുന്നതിനോ എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിനുള്ള പദ്ധതി ഇല്ലാത്തപക്ഷം അക്കാര്യം പരിഗണിക്കുമോ ?

__ഉത്തരം__

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഏകദേശം 20,000 ത്തിൽപരം വീടുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി)&(ഡി) 2002-2003 വർഷത്തിൽ തീരസമൃദ്ധിപ്രകാരം നാലായിരം വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. ഇത് ഒരു 100% കേന്ദ്രസഹായപദ്ധതിയായിരുന്നു. ഇതുകൂടാതെ വിവിധ അടിസ്ഥാന ക്ഷേമ പദ്ധതികൾക്കായി 503 കോടി രൂപ മുടക്കുമുതലുള്ള ഒരു പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ വീടൊന്നിന് 40,000/- രൂപാ ക്രമത്തിൽ 2400 ലക്ഷം രൂപ ചെലവായി 6000 വീടുകൾ പുനർനിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഭവനനിർമ്മാണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ഫിഷറീസ് റോഡുകൾ, സോളാർ എനർജി, കുടിവെള്ളം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുകയാണ് .

(ഇ) പ്രസക്തമല്ല.

## __പട്ടികജാതി യുവാക്കൾക്കായി തൊഴിൽ ക്ലബ്ബുകൾ__

*948. ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്കുവേണ്ടി തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തൊഴിൽ ക്ലബ്ബുകൾ മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

__ഉത്തരം__

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി) :**

(എ) സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വികസനവകുപ്പിന്റെയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയ യുവതീയുവാക്കൾക്ക് മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് എന്ന പേരിൽ സേവനകേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഐ.റ്റി.ഐ/ഐ.റ്റി.സി. പാസ്സായി തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്ന ആകെയുള്ള 352 പട്ടികജാതിക്കാരിൽ നിന്നും പല ഘട്ടങ്ങളിലായി നടത്തിയ ഓറിയന്റേഷൻ ശില്പശാലയിലൂടെ അഭിരുചിയും താത്പര്യവും സന്നദ്ധതയും പ്രകടിപ്പിച്ച 21 പേരെ അന്തിമമായി കണ്ടെത്തി. ഗ്രൂപ്പ് ചർച്ച, വിഷയാവതരണം, എഴുതുവാനുള്ള കഴിവ്, സാങ്കേതികമായ അറിവ്, ആശയവിനിമയ ശേഷി, പ്രസംഗ പരിശീലനം എന്നീ രീതിയിലൂടെയാണ് ഇവരെ തിരഞ്ഞെടുത്തത്. അവരെക്കൊണ്ടുതന്നെ നഗരത്തിൽ മാർക്കറ്റ് സർവ്വേ നടത്തിച്ചു. പ്ലംബിംഗ്, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, കാർപ്പന്ററി, മേസ്തിരിപ്പണി

തുടങ്ങിയജോലികൾക്കാണ് ഏറ്റവും അധികം വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമെന്ന് കണ്ടെത്തി. അക്കൗണ്ടിംഗിലും കമ്പ്യൂട്ടറിലും പരിശീലനം നൽകി. പൊതുജനങ്ങൾക്കായി ഇടപെടേണ്ട സന്ദർഭങ്ങളിൽ എങ്ങനെ പെരുമാറണം, വ്യക്തികളെ എങ്ങനെ മനസ്സിലാക്കാം, ഒരു നല്ല പൊതുജന സമ്പർക്കം എങ്ങനെ സ്ഥാപിക്കാം എന്നതിനെ സംബന്ധിച്ച് വ്യക്തിബന്ധ അപഗ്രഥനത്തിലൂടെ (൦്യമിമെരശേീമഹ അിമഹ്യശെ) അവരെ പഠിപ്പിച്ചു. വിദഗ്ദ്ധ തൊഴിൽ പ്രദാനം ചെയ്യുന്ന സംരംഭകർ എന്ന നിലയിൽ അവർക്ക് ഒരു ക്രാഷ് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നു. ഈ പരിശീലനം തീരുന്നമുറയ്ക്ക് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസം നേടിയ പട്ടികജാതി യുവാക്കൾക്ക് ആദായകരമായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക, അവരുടെ സ്വയംതൊഴിൽ സംരംഭകശേഷി വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും മെച്ചപ്പെട്ടതുമായ ഗാർഹിക സേവനങ്ങൾ എത്തിച്ചുകൊടുക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ പദ്ധതികൾക്കുള്ളത്..

(ഡി) ക്ലബ്ബുകൾ മുഖേന നൽകാൻ കഴിയുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് ക്ലബ്ബ അംഗങ്ങൾതന്നെ നടത്തിയ സർവ്വേയിലൂടെയാണ് കണ്ടെത്തിയത്. പ്ലംബിംഗ്, ചെറിയ കാർപ്പന്ററി, മേസ്തിരിപ്പണി, ഇലക്ട്രിക്കൽ റിപ്പയർ/ഇലക്ട്രോണിക് റിപ്പയർ, ഗ്യാസ് സറ്റൗ/കുക്കിംഗ് റേഞ്ച് എന്നിവ വൃത്തിയാക്കലും റിപ്പയറിംഗും, ഇസ്തിരിപ്പെട്ടി റിപ്പയർ, വാഹനങ്ങൾ കഴുകുക, ചെറിയ ഇന്റീരിയർ ഡെക്കറേഷൻ, വാക്വം ക്ളീനർ ഉപയോഗിച്ച് പൊടികളയുക തുടങ്ങിയ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാരിലേക്ക് അടയ്ക്കാനുള്ള വിവിധ ബില്ലുകൾ, നികുതികൾ, ഫീസുകൾ എന്നിവ ജനസേവന കേന്ദ്രത്തിൽ (എഞകളചഉട) അടയ്ക്കുന്നതിനുള്ള സഹായവും ഇവർ ചെയ്യുന്നതാണ്.

## ലൈസൻസില്ലാതെ നടത്തുന്ന വയറിംഗ് തടയുന്നതിനുവേണ്ടിയുള്ള ജില്ലാ സമിതിയുടെ പ്രവർത്തനം

*949. ശ്രീ. കെ.കെ. ഷാജു :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസില്ലാതെ വയറിംഗ് ജോലികൾ ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തരത്തിലുള്ള അനധികൃത വയറിംഗ് തടയുന്നതിന് സർക്കാർ എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി ഇതു കണ്ടുപിടിക്കുന്നതിന് പോലീസ് വകുപ്പിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതു തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഇ) അനധികൃത വയറിംഗ് തടയുന്നതിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച ജില്ലാ സമിതിയുടെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)** :

(എ) ഉണ്ട്.

(ബി) അനധികൃത വയറിംഗ് തടയുന്നതിനുവേണ്ടി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(സി) അധികാരമില്ല.

(ഡി) ആലോചിക്കാവുന്നതാണ്.

(ഇ) ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

## കുടിവെള്ള വിതരണത്തിന് വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം

*950. ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒപ്പുവച്ച ഭരണനവീകരണ കരാറിൽ സമഗ്രമായൊരു കുടിവെള്ള ശുചിത്വനയം രൂപീകരിച്ച് പ്രഖ്യാപിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ കുടിവെള്ള ശുചിത്വനയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഏതെല്ലാം നിലയിലുള്ള ചർച്ചകളിലൂടെ കരട് നയത്തിന് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; നയത്തിൽ എന്തെല്ലാം ഇനങ്ങൾക്കാണ് ഊന്നൽ നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കുടിവെള്ള വിതരണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് പകരം വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുൻപാകെയുണ്ടോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) (ബി) &(സി) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി സമഗ്രമായ കുടിവെള്ള ശുചിത്വ നയം രൂപീകരിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളിലൊന്നും സർക്കാർ ഒപ്പിട്ടിട്ടില്ല. എന്നാൽ ഭരണ നവീകരണ പരിപാടിക്കുവേണ്ടി സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖയിൽ ജലവിഭവം, ശുചിത്വം എന്നിവയ്ക്കായി ഒരു ഏകീകൃതനയം രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. വിഷയാധിഷ്ഠിത രൂപരേഖകൾ പൊതുചർച്ചകൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുചർച്ചകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും പ്രസ്തുത നയത്തിന് രൂപം നൽകുന്നത്.

(ഡി) ഇല്ല.

## ചെമ്മീൻകൃഷി വികസനം

951. ശ്രീ. എ.എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ചെമ്മീൻകൃഷി വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പുതിയ പദ്ധതിമൂലം ഉല്പാദനം എത്രകണ്ട് വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടൊ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ചെമ്മീൻകൃഷി വികസനത്തിന്റെ ഭാഗമായി ചെമ്മീൻകുഞ്ഞുങ്ങളെ ഉല്പ്പാദിപ്പിക്കുന്നതിന് പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി ആധുനിക സാങ്കേതിക വിദ്യ ലഭിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ചെമ്മീൻകൃഷി വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്; ഇതിനായി ഏതെങ്കിലും വിദേശരാജ്യങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെമ്മീൻകൃഷി വികസനത്തിനായി എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ 51.71 കോടി രൂപ അടങ്കൽ വരുന്ന സുസ്ഥിര ചെമ്മീൻകൃഷി വികസന പദ്ധതി അഡാക്ക് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. 900 കോടി രൂപ വിലവരുന്ന 3000ടൺ ചെമ്മീൻ ഉല്പാദിപ്പിക്കാൻ കഴിയും.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് തുലൂക്കിൽ ഓടയം എന്ന സ്ഥലത്ത് 15 മില്യൻ (ചെമ്മീൻകുഞ്ഞുങ്ങൾ) ീല്പാദന ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഹാച്ചറിയ്ക്കാവശ്യമായ സാങ്കേതിക ഉപദേശം എം.പി.ഫ.ഡി.എ. യുടെ കീഴിലുള്ള ടാസ്പാർക്ക് (ദി ആന്ദ്രാപ്രദേശ് ഷ്രിംപ് സീഡ് പ്രൊഡക്ഷൻ സർവേ ആൻഡ് റിസർച്ച് സെന്റർ) എന്ന സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുണ്ട്. അവരുടെ വിദഗ്ദ്ധ സംഘം ഹാച്ചറി സ്ഥലം സന്ദർശിക്കുകയും നിർദ്ദെശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതിയല്ലാതെ മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നില്ല.

## ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

952. ശ്രീ. സി. മോയിൻകുട്ടി
കളത്തിൽ അബ്ദുള്ള
ടി.പി.എം. സാഹിർ
കെ. കുട്ടി അഹമ്മദ്കുട്ടി

സി. മമ്മുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഇപ്പോഴുള്ളത്

(ബി) ഇവർക്കു വരുമാനദായകമായ പരിപാടികൾ ആവിഷ്ക്കരിക്കാൻ മറ്റു വകുപ്പുകളുമായി ആലോചിച്ച് സംയോജിത പദ്ധതികൾ രൂപീകരിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്കപട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) ആദിവാസി സമൂഹത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്ന.തിന് സ്വയം തൊഴിൽ പദ്ധതിയ്ക്ക് പരമാവധി 10,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നുണ്ട്. സാങ്കേതിക പരിശീലനം സിദ്ധിച്ച പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പരമാവധി 3000 രൂപവരെ ഗ്രാന്റായി നൽകുന്നുണ്ട്. ഈ വകുപ്പിന്റെ കീഴിൽ 23 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിലൂടെ തയ്യൽ, ചൂരൽ പണി, വീവിംഗ് കാർപ്പെന്ററി മുതലായ ട്രേഡുകളിൽ പരിശീലനം നൽകി സ്വയം തൊഴിൽചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. ഇവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായവും നൽകിവരുന്നു. കൂടുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് എൻ.സി.വി.റ്റിഅംഗീകാരത്തോടുകൂടി തിരുവനന്തപുരം ജില്ലയിലെ കുട്ടമല, പത്തനംതിട്ടജില്ലിയിലെ റാന്നി, ഇടുക്കി ജില്ലയിലെ പുത്തേടം എന്നിവിട്ങ്ങളിൽ 3 ഐഭറ്റിഭസികൾ പ്രവർത്തിക്കുന്നുണ്ട്.

ഐ.റ്റി.ഐ, ഐ.റ്റി.സി പാസ്സായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പൊരുമേഖലാസ്ഥാപനങ്ങളിലൂടെ അഡീഷണൽ അപ്രന്റീസ്ജിപ്പ് നൽകുന്നതിന് ഈ വകുപ്പ് സ്റ്റൈഫന്റ് ൻൽകിവരുന്നു. പട്ടികവർഗ്ഗക്കാരെ സ്വയംതൊഴിലിൻ് ഇപാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നതിന് വയനാട്ടിലെ സമൃദ് എന്ന സന്നദ്ധസംഘടനയ്ക്ക് നടപ്പുവർഷം 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജട്ടികവർഗ്ഗയുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി സ്വയംതൊഴിലിന് പ്രാപ്തരാക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജി സ്കീമിൽ നടപ്പുവർഷം 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്ക് അഭിരുചിയുള്ള എന്തുതൊഴിൽ ചെയ്യുന്നതിനും അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനും പരിശീലനംനൽകുന്നതിനുമായി നടപ്പുവർഷം പ്രത്യേക കേന്ദ്ര സഹായനിധിയിൽ 54.450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് കുടുംബശ്രീ പദ്ധതിപ്രകാരം ചെറുകിടസംരംഭങ്ങളിൽ വിവിധ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും ധനസഹായവും നൽകുന്നുണ്ട്.ഇതനുസരിച്ച് പ്രാരംഭഘട്ടമായി വയനാട്, ഇടുക്കി പാലക്കാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ പ്രയോജനം രഭിക്കുന്നുണ്ട്. കുടുംബശ്രീ പട്ടികവർഗ്ഗക്കാരുടെ അയൽകൂട്ടങ്ങളിലൂടെ പട്ടികവർഗ്ഗവനിതകളുടെ ചെറുകിട സംരംഭങ്ങളായ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, പോട്ടറി, ഹാന്റീക്രാഫ്റ്റ്സ്, കോഫീപൗഡർ, സോപ്പുനിർമ്മാണം, ഡയറക്ട് മാർക്കറ്റിംഗ് എന്നിവ ആരംഭിച്ച പ്രവർത്തനം നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ പട്ടികവർഗ്ഗക്കാർക്ക് ഉൽപ്പാദിപ്പിക്കുന്ന വനവിഭവങ്ങൾ സഹകരണസംഘങ്ങൾ/ഗ്രാമവികസനവകുപ്പ് നടത്തുന്ന വിപണനമേളകളിൽകൂടി വിപണനം നടത്തി വരുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെകൂടിയിരുത്തി സ്ഥായിയായ വരുമാനം ഉണ്ടാകത്ക്കവിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച്നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കും ഇതിൽ മുൻതൂക്കം നൽകുന്നുണ്ട്.

## <u>ഗിരിജനങ്ങളുടെ ഭക്ഷണക്രമം</u>

953. ശ്രീ. എം.കെ. പോൾസൺമാസ്റ്റർ
ഡി സുഗതൻ
ശ്രീമതി രാധാ രാഘവൻ
ശ്രീ. ടി.എൻ. പ്രതാപൻ
സി.പി. മുഹമ്മദ് : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ നിവസിക്കുന്ന ഗിരിജനങ്ങളുടെ ഭക്ഷണക്രമം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലോ കൂലിയോ ഇല്ലാത്ത ഇവർക്ക് ഏത് രീതിയിലാണ് പോഷകാഹാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടിണിമൂലം ആരോഗ്യം നശിച്ച ഇവർക്ക് ഭക്ഷണ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതി പ്രകാരം അവർക്കു ഭക്ഷണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്കപട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ വിവിധ പട്ടികവർഗ്ഗസെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഭക്ഷണക്രമം വിഭിന്നമാണ്. എല്ലാസെറ്റിൽമെന്റ് നിവാസികളും കൃത്യമായ ഒരു ബക്ഷണക്രമം പുലർത്തുന്നതായി അറിവില്ല. എന്നാൽ അരി, റാഗി, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയാണ് അവരുടെ പ്രധാന ആഹാരസഅധനങ്ങൾ.

(ബി) ആദിവാസികളിൽ സീസണൽ ആയി തൊഴിലില്ലായ്മ ഉണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ അവർക്ക് തൊഴിലും കൂലിയ്ക്ക് ഭക്ഷണവും പദ്ധതികൾ നടപ്പിലാക്കിവരുന്നു. അങ്ങനെ ലഭിക്കുന്ന ഫലവർഗ്ഗങ്ങൾ, തേൻ, വിവിധതരം കിഴങ്ങുകൾ എന്നിവയിൽനിന്നുമാണ് പോഷകാഹാരം ലഭിക്കുന്നത്.

(സി) ആന്റ് (ഡി) ; ആദിവാസികൾ പട്ടിണികിടക്കാതിരിക്കാനുള്ള എല്ലാമുൻകരുതലുകളും സർക്കാർ എടുത്തിട്ടുണ്ട.

അതിന്റെ ഭാഗമായി (1) ഫുഡ്സപ്പോർട്ട് (2) ധാന്യബാങ്ക് പദ്ധതി (3) സൗജന്യറേഷൻ, ഫുന്ഡ് ഫോർ വർക്ക് എന്നിവ നടപ്പിലാക്കിവരുന്നു.

(ഇ) ഊരുകൂട്ടങ്ങളുടെ സഹായത്തോടുകൂടിയാണ് വകുപ്പ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഊരുകൂട്ടത്തിന്റെ മേൽനോട്ടമുളളതുമൂലം അർഹിക്കുന്നവർക്കുതന്നെ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയും.

## ഗിരിജൻ സെറ്റിൽമെന്റുകളിൽ ഭക്ഷണവും ചികിത്സയും ഉറപ്പാക്കാൻ നടപടി

954. ശ്രീ. എ.കെ. മണി
എ.പി. അനിൽകുമാർ
കെ.സി. വേണുഗോപാൽ
വി. ബാലറാം
എ. സുജനപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഉൾക്കാട്ടിലുള്ള ഗിരിജൻ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവർക്ക് ചികിത്സയും ഭക്ഷണവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുളളത്;

(ബി) സമീപത്തുള്ള പബ്ളിക് ഹെൽത്ത് സെന്ററുകൾ സന്ദർശിക്കണമെന്നും ആവശ്യമായ ചികിത്സ നൽകണമെന്നുമുള്ള എന്തെങ്കിലും വ്യവസ്ഥയുണ്ടൊ;

(സി) ഉണ്ടെങ്കിൽ ഇതനുസരിച്ചുള്ള സന്ദർശനവും ചികിത്സയും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് എപ്രകാരമാണ്;

(ഡി) ഗിരിജൻ സെറ്റിൽമെന്റുകളിൽ ആരോഗ്യപ്രവർത്തകർ എത്തിച്ചേരണമെന്നും ചികിത്സ നൽകണമെന്നും വ്യവസ്ഥയില്ലാത്തപക്ഷം അതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുമോ; വിശദവിവരം നൽകുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്കപട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) ആദിവാസികളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗവികസനവകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗമേഖലയിൽ 15 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽയൂണിറ്റുകൾ 2 എ എൻ.എം സെന്ററുകൾ എന്ന്നിവയും ഇടുക്കി ആരോഗ്യപദ്ധതിയുടെ ഭാഗമായി 4 ഒ.പി ക്ളിനിക്കുകൾ, അട്ടപ്പാടി ആരോഗ്യപദ്ധതിയുടെ ഭാഗമായി ഒരു ഒ.പി ക്ളിനിക്ക് എന്നിവയും ആരോഗ്യവകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഫുഡ്സപ്പോർട്ട് പ്രോഗ്രാം സ്വർണ്ണ ജയന്തി ഗ്രാമറോസ്ഗാൽ യോജനപദ്ധതി സൗജന്യറേഷൻ എന്നിവയും നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വികസന ആഫീസർമാർ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞവരുടെ സേവനം ഉറപ്പുവരുത്തുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ കീഴിലുള്ള ആരോഗ്യപ്രവർത്തകള്ർ തങ്ങളുടെ പ്രദേശത്ത് കാലികമായും അടിയന്തിര ഘട്ടങ്ങളിലും പകർച്ച വ്യാധികൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ തുടർച്ചയായും ഇധൗ പ്രദേശങ്ങൾ സന്ദർശിക്കണമെന്നും പരിഹാര നടപടികൾ എടുക്കണമെന്നും പ്രൈമറി ഹെൽത്ത് സെന്ററിർ മെഡിക്കൽ ഓഫീസർക്ക് വിവരങ്ങൾ നൽകണമെന്നും വ്യവസ്ഥയുണ്ണ്. പ്രൈമറി ഹെൽത്ത് സെന്റർമെഡിക്കൽ ഓഫീസർ, ആരോഗ്യപ്രവർത്തകരുടെ പ്രവർത്തന റിപ്പോർട്ട് പരിശോധിക്കുവാനുംകാലികമായി വിലയിരുത്തുവാനും വ്യവസ്ഥയുണ്ട്. ആദിവാസി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പ് ഉദ്ദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും പഞ്ചായത്തധികൃതരും, ജില്ലകളക്ടറെ അറിയിക്കുകയും ചികിത്സ എത്തിക്കുകയും ചെയ്യുന്നു. ജില്ലാമെഡിക്കലാഫീസർ, പ്രതിമാസ യോഗങ്ങളിൽ ഈ വിഷയം അവലോകനം ചെയ്യുന്നുണ്ട്.

(ഡി) ബാധകമല്ല.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പാ കുടിശ്ശികയ്ക്ക് പലിശയിളവ് നൽകാൻ നടപടി

955. ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിൽ രഹിതരായ പിന്നോക്കപട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഏതെല്ലാം പദ്ധതികൾക്ക് വായ്പ നൽകിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി)കോർപ്പറേഷൻ വായ്പ നൽകി ആരംഭിക്കുന്ന ചെറുകിട വ്യവസായ ഉല്പ്പന്നങ്ങൾ വിപണനം നടത്തുന്നതിന് എന്തെല്ലാം സഹായം കോർപ്പറേഷൻ വഴി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മുൻപരിചയമോ, സാങ്കേതിക കഴിവോ ഇല്ലാത്ത സംരംഭകർ നടത്തുന്ന വ്യവസായങ്ങൾ പലതും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാവാതെ നഷ്ടത്തിലാകുകയും പിന്നീട് അടച്ചുപൂട്ടുകയും അതുവഴി കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയും, പലിശയും പിഴപ്പലിശയും അടച്ച് തീർക്കാനാവാതെ കഷ്ടപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെ വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ വഴി വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) യഥാസമയം ഗഡുക്കൾ അടയ്ക്കതെ വായ്പാകുടിശ്ശികയായി കിടക്കുന്ന വായ്പ എടുത്തവരിൽനിന്നും വായ്പാത്തുക ഈടാക്കുന്നതിന് പലിശയിൽ ഇളവും പിഴപ്പലിശ ഒഴിവാക്കിയും വൺടൈം സെറ്റിൽമെന്റ് പദ്ധതിയോ, ഗഡുക്കൾ വഴി അടയ്ന്ക്കാനുള്ള സൗകര്യമോ വീണ്ടും നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്കപട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) കേരളസംസ്ഥാന പിന്നോക്കവിഭാഗ വികസനകോർപ്പറേഷൻ പിന്നോക്കവിഭാഗത്തിൽപ്പെടുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| വായ്പാപദ്ധതയിടെ പേര് | പരമാവധി തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയംതൊഴിൽ പദ്ധതി | 5 ലക്ഷം രൂപ | 6% |
| 2.വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി | 50,000 രൂപ | 4% |
| സന്നദ്ധസംഘടനകൾ വഴി (എൻ.ജി.ഒ) നൽകുന്ന ലഘുവായ്പാ പദ്ധതി(മൈക്രോക്രെഡിറ്റ് സ്കീം) | ഒരു വ്യക്തിക്ക് പരമാവധി 25000വീതം | 7% -10% |

(ബി) ഈ കോർപ്പറേഷൻ നൽകുന്ന ബഹുഭൂരിപക്ഷം വായ്പകളും നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് നൽകുന്നത്. ആയതിനാൽ വിപണനം നടത്തുന്നതിന് ഈ കോർപ്പറേഷൻ നിലവിൽ സഹായം ഒന്നും നൽകുന്നില്ല.

(സി) & (ഡി) ; ഉണ്ട്. ഇങ്ങനെ വായ്പ കുടിശ്സികവരുത്തിയവർക്ക് ഇളവുകൾ നൽകി വൺടൈം ഉറ്റ◌ിൽമെന്റ്(ഒ.റ്റി.എസ്) പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മുൻപരിചയമോ സാങ്കെതിക കഴിവോ ഇല്ലാത്ത വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി വായ്പവിതരണവേളയിൽ പ്രീ-ഡിസ്ബേഴ്സ്മെന്റ് കൗൺസിലിംഗ് നടത്തിവരുന്നുണ്ട്. ഈ കൗൺസിലിംഗുകളിൽ ഒരു സ്വയം തൊഴിൽ സംരംഭം വിജയപ്രാപ്തിയിലെത്തുന്നതിന് വേണ്ടിയുള്ള എല്ലാകാര്യങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്.

(ഇ) ദീർഘകാലമായി തിരിച്ചടയ്ക്കാതെയും നടപടികൾ സ്വീകരിക്കാതെയും വായ്പാതുകകൾ ഫലപ്രദമായി പിരിച്ചടെ◌ുക്കുന്നതിനുവേണ്ടി ഓരോകേസിലും ഉൾപ്പെട്ടിട്ടുള്ള വായ്പാതുക വായ്പയെടുക്കുന്ന വ്യക്തിയുടെ വർത്തമാനകാല സാഹചര്യം എന്നിവ സൂക്ഷമമായി നിരീക്ഷിച്ച പിഴപ്പലിശയിൽ പരമാവധി ഇളവുനൽകുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു അസിസ്റ്റന്റ് മാനേജരെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഒ.എസ്.ഡി) ആയി നിയോഗിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറും ചെയർമാനും അടങ്ങുന്നകമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും തീർപ്പുകൽപ്പിക്കുകയും ചെയ്യുന്ന നടപടികൾ തുടർന്നുവരികയാണ്.

**<u>ഇന്റർ നാഷണൽ ഹിൽ ടൂറിസം പദ്ധതി</u>**

956. ശ്രീ. പി. എസ് സുപാൽ
എം.കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഇന്റർ നാഷണൽ ഹിൽ ടൂറിസം പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;
(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര പദ്ധതിയ്ക്ക് അംഗീകാരം നലകിയിട്ടുണ്ടെന്നും എവടെയെല്ലാം ഈ പദ്ധതിയ്ക്കുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;
(സി) ഇത്തരത്തിലുള്ള ചില പദ്ധതികൾ ജൈവ വൈവിദ്ധ്യമേഖലകൾക്ക് നശീകരണമുണ്ടാക്കുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**പ്രൊഫ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്
(ബി) വാഗമണിൽ ഇത്തരം ഒരു പദ്ധതിയ്ക്ക് അംഗികാരം നൽകിയിട്ടുണ്ട്.
(സി) ഇല്ല.

## <u>ടൂറിസ്റ്റുകൾക്കുള്ള താമസസൗകര്യങ്ങൾ</u>

957 ശ്രീ. എം.എ.ചന്ദ്രശേഖരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. പി.ടി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :
(എ) ടൂറിസ്റ്റുകളെ വഹിച്ചുകൊണ്ടുളല എത്ര ചാർട്ടേഡ് ഫ്ളൈറ്റുകളും യാത്രാകപ്പലുകളും സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്തിച്ചേർന്നു ;
(ബി) ഇത്തരത്തിൽ എത്തുന്ന ടൂറിസ്റ്റുകൽക്കളള താമസ സൗകര്യങ്ങൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നിലവിലുണ്ടോ ;
(സി) കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഗവണ്മെന്റ് എന്തെല്ലാം സഹായം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;
(ഡി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ ഗൈഡൻസ് നൽകാൻ എന്തെല്ലാം സംവിധാനങ്ങളുണ്ട് ?
**<u>ഉത്തരം</u>**
**പ്രൊ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) കഴിഞ്ഞ ടൂറിസ്റ്റു സീസണിൽ 102 ചാർട്ടേഡ് ഫ്ളൈറ്റുകൾ സംസ്ഥാനത്ത് എത്തിച്ചേർന്നു. യാത്രാ കപ്പലുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി.) ഉണ്ട്.

(സി) മുടക്കുമുതലിന്റെ 10% (പരമാവധി 10 ലക്ഷം രൂപ വരെ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകും. ഇലക്ട്രിസിറ്റി താരിഫ് ഇളവ്, മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപ പരിധിക്ക് വിദേയമായി 15% ഇളവ്, വിദേശ നിക്ഷേപകർക്കായി പ്രത്യേകം ഇളവ്, 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക പാക്കേജ് എന്നീ ഇനങ്ങളിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്ററുകൾ, കിയോസ്ക് ടച്ചസ് സ്ക്രീൻ, ബ്രോഷറുകൾ, സി.ഡി.കൾ, ടോൾഫ്രീ ഫോൺ, ടൂറിസം വെബ്സൈറ്റ്, പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

## <u>ബലക്ഷയം സംഭവിച്ച ഡാമുകൾ</u>

958 ശ്രീ. രാജു എബ്രഹാം :
ശ്രീ. എ.കെ.ബാലൻ :
ശ്രീ. കെ.കെ.ജയചന്ദ്രൻ :
ശ്രീ.കെ.പി.സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:
(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ ബലക്ഷയം സംഭവിച്ചിട്ടുളളവയെ സംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;
(ബി) കേന്ദ്ര ജലവിഭവ കമ്മീഷൻ നിയോഗിച്ച ടീം ഏതെല്ലാം അണക്കെട്ടുകളെ സംബന്ധിച്ചാണ് പഠനം നടത്തിയിട്ടുള്ളത് ;

(സി) ബലക്ഷയമോ ചോർച്ചയോ ഉള്ളതായി കണ്ടെത്തിയ ഡാമുകൾ ഏതൊക്കെയാണ് ;

(ഡി) കമ്മീഷൻ നിയോഗിച്ച ടീമിന്റെ റിപ്പോർട്ടുകളിൻമേൽ വൈദ്യുതി ബോർഡ് അന്വേഷണം നടത്തുകയുണ്ടായോ ; അന്വേഷണഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഏതെല്ലാം ഡാമുകൾ ഇനിയും പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി )**

(എ) ,(ബി) ,(സി) & (ഡി)

സംസ്ഥാനത്തെ ഡാമുകലെ സംബന്ധിച്ച് കേന്ദ്ര ജലവിഭവ കമ്മീഷൻ നിയോഗിച്ച ടീം പഠനം നടത്തിയിട്ടില്ല. എന്നാൽ വൈദ്യുതി ബോർഡിന്റെ പണി പൂർത്തിയായിട്ടുള്ള 32 പ്രധാന ഡാമുകളും, കേന്ദ്ര ജലവിഭവ കമ്മീഷന്റെ നിർദ്ദേശപ്രകാരം വൈദ്യുതി ബോർഡ് പരിശോധന നടത്തിയതിൽ ആനത്തോട് ഡാമിൽ നിന്നും (ഫൗണ്ടേഷൻ ഗാലറി) കൂടുതലായി വെള്ളം ഊർന്നു വരുന്നത് കേന്ദ്ര ജലവിഭവ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2000-ൽ കേന്ദ്ര ജലവിഭവ കമ്മീഷന്റെ ഡാം സേഫ്റ്റി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആനത്തോട്, പംപ എന്നീ ഡാമുകൾ പരിശോധിക്കുകയും ആനത്തോട് ഡാമിലെ ചോർച്ച ഫലപ്രദമായി തടയുന്നതിന് സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഡിസൈൻ നൽകുന്നതിനും സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. ഇതിനായി കേന്ദ്ര ജലവിഭവ കമ്മീഷൻ 3.43 ലക്ഷം രൂപ പ്രതിഫലം ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ താരതമ്യേന ചെലവ് കുറഞ്ഞ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഐ.പി.ഡി.എസ്.ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടു. ഈ സംഘത്തിൻരെ പരിശോധനയിൽ ആനത്തോട് ഡാമിൻരെ സ്ഥിതി ആശങ്കാജനകമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ഇ) കേന്ദ്ര ജലവിഭവ കമ്മീഷന്റെ നിർദ്ദേശപ്രകാരം എല്ലാ മേജർ ഡാമുകളും 10 വർഷത്തിലൊരിക്കൽ ഒരു സ്വതന്ത്ര വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതുണ്ട്.

**ജലവിഭവ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ**

959 ശ്രീ. കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ സംരക്ഷണത്തിനായി സംസ്ഥാനത്ത് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ജലവിഭവ സംരക്ഷണ പദ്ധതികൽ ഏതെല്ലാം നദികളിൽ നടപ്പാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ നദീജല സമ്പത്ത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി )**

(എ) കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കപ്പെടുന്നതിനും നീതിയുക്തമായി ഉപയോഗിക്കപ്പെടുന്നതിനും വൻകിട ഇടത്തരം മേഖലയിൽ ഡാമുകൽ നിർമ്മിച്ച് ജലസംഭരണം നടത്തിവരുന്നു. 16 വൻകിട ഇടത്തരം ജലസേചനപദ്ധതികൾ നിർമ്മാണത്തിലിരിക്കുന്നു. 13 പദ്ധതികളുടെ പര്യവേ,ണം വിവിധ ഘട്ടഹ്ങലിലായി നടന്നുവരികയാണ്. കൂടാതെ നബാഡിന്റെ സഹായത്തോടെ നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുകയും നീർച്ചാലുകളിൽ വെള്ളം സംഭരിക്കുന്നതിന് വെന്റഡ് ക്രോസ്ബാർ, ചെക്ക് ഡാം എന്നിവ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന ജലം കൃഷിക്ക് ഉപയുക്തമാക്കുന്നതിനു പുറമെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് സഹായിക്കുകയും ചെയ്യും.

(ബി.) & (സി) സംസ്ഥാനത്തെ വിവിധ നദികളിൽ ജലവിഭവ സംരക്ഷണത്തിനായി നിർമ്മിച്ച പദ്ധതികൾ താവെ പറയുന്നു:

**പൂർത്തിയായ പദ്ധതികൾ**

| **നദി** | **പദ്ധതി** |
|---|---|

| | |
|---|---|
| 1. ഭാരതപ്പുഴ | മലമ്പുഴ |
| 2. ചാലക്കുടി | ചാലക്കുടി |
| 3. പെരിയാർ | പെരിയാർവാലി |
| 4. പംപ | പംപ |
| 5. ഭാരതപ്പുഴ | ചിറ്റൂർപ്പുഴ |
| 6. കുറ്റ്യാടി | കുറ്റ്യാടി |
| 7. കരുവണ്ണൂർ | ചിമ്മിനി |
| 8. പീച്ചി | പീച്ചി |
| 9. ഭാരതപ്പുഴ | മംഗലം |
| 10. ഭാരതപ്പുഴ | വാടാനി |
| 11. ഭാരതപ്പുഴ | വാളയാർ |
| 12. ഭാരതപ്പുഴ | പോത്തുണ്ടി |
| 13. നെയ്യാർ | നെയ്യാർ |
| 14. ഭാരതപ്പുഴ | ചീരക്കുഴി |
| 15. ഭാരതപ്പുഴ | ചുള്ളിയാർ |
| 16. ഭാരതപ്പുഴ | മീങ്കര |

**നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ**

| | നദി | പദ്ധതി |
|---|---|---|
| 1. | ഭാരതപ്പുഴ | കാഞ്ഞിരപ്പുഴ |
| 2. | വളപട്ടണം | പഴഞ്ഞി |
| 3. | കല്ലട | കല്ലട |
| 4. | തൊടുപുഴ | മൂവാറ്റുപുഴ |
| 5. | പെരിയാർ | ഇടമലയാർ |
| 6. | കാരപ്പാറ | കുരിയാർകുട്ടി കാരാപ്പുഴ |
| 7. | കാരാപ്പുഴ | കാരാപ്പുഴ |
| 8. | പനമരം | ബാണാസുരസാഗർ |
| 9. | ശിരുവാണി | അട്ടപ്പാടി |
| 10. | ഭാരതപ്പുഴ | ബി.സി.ആർ.ചമ്രവട്ടം |
| 11. | ഭാരതപ്പുഴ | ബി.സി.ആർ. തൃത്താല |

പൂർത്തീകരിച്ച വൻകിട ഇടത്തരം ജലസേചന പദ്ധതികൾ വഴി കൃഷിക്കായി ജലവിതരണം നടത്തുന്നുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളായ പഴശ്ശി, കാഞ്ഞിരപ്പുഴ, കല്ലട എന്നീ പദ്ധതികൾ 2002 മാർച്ചിൽ വൈൻഡ് അപ് ചെയ്തതായി കണക്കാക്കിയിരിക്കുകയാണ്. മൂവാറ്റുപുഴ പദ്ധതി ഭാഗീകമായി ജലവിതരണം നടത്തുന്നുണ്ട്. മറ്റു ജലസേചന പദ്ധതികളുടെ പണികൾ പത്താം പഞ്ച വത്സര പദ്ധതിക്കുളലിൽ തന്നെ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ദൃതഗതിയിൽ നടന്നുവരുന്നു.

ഇവ കൂടാതെ പ്രധാന നദികളായ കരമന, നെയ്യാർ, മണിമല, ഭാരതപ്പുഴ, മീനച്ചൽ, ചാലക്കുടിപ്പുഴ, മൂവാറ്റുപുഴ, ഗായത്രിപ്പുഴ, പനത്തൂർ ആർ മുതലായ നദികളിൽ ഇപ്പോൾ തടയണകൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് ഇപ്പോൾ ജലവിഭവ വകുപ്പിന്റെ കീഴിൽ പണി പൂർത്തിയാക്കിയ 30 ചെക്ക് ഡാമുകൾ ഉണ്ട്. 30.11.2001-ൽ കൂടിയ ചെക്ക് ഡാം കമ്മിറ്റിയിൽ 19 ചെക്ക് ഡാമുകൾക്ക് അനുമതി നൽകി.

(ഡി) സംസ്ഥാനത്തെ ജലസമ്പത്ത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ജലസേചനവകുപ്പ് വിവിധ പദ്ധതികൾക്ക് രൂപകൽപന ചെയ്തുവരുന്നു. ഇതിൽ 9 പദ്ധതികൾ പര്യവേഷണത്തിലാണ്. കൂടാതെ 20 പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

## കംപ്യൂട്ടർ പരിശീലനത്തിനുളള ഫീസ് നിരക്ക് കൂടുതലാണെന്ന പരാതി

960 ശ്രീ. എം.എ.വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൽ കംപ്യൂട്ടർ പരിശീലനത്തിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ ഫീസ്, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഫീസ് റേറ്റിനേക്കാൾ കൂടുതലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തി ഇങ്ങനെ തുക കൂട്ടി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ഡോ.എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി )**

(എ) & (ബി) കംപ്യൂട്ടർ പരിശീലനത്തിന് അനുവദിച്ച് നൽകിയ ഫീസിനെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

## കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം

961 ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടോ ;

(ബി) ഈ നിയമം കർശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട് ?

**<u>ഉത്തരം</u>**

**പ്രൊ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് നടപ്പാക്കുന്നതിനായി ഒരു പോലീസ് സൂപ്രണ്ടിൻരെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. ഈ 5 ഫിഷറീസ് സ്റ്റേഷനുകളിലായി 9 പോലീസ് ഓഫീസർമാരും 40 പോലീസ് സേനാംഗങ്ങളും ഉൾപ്പെടുന്ന പോലീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കടൽ മത്സ്യ ബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്നവരെ കടലിൽ റോന്തു ചുറ്റുന്നതിന് പാട്രോൾ ബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്.